# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 2, Issue: 06

മാർച്ച് 22 ചൊവ്വ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


### എടൂർ - പാലത്തുംകടവ്

## ഇഴഞ്ഞുനീങ്ങുന്ന റോഡ് നിർമാണം

ആഷ്മി തോമസ്

അങ്ങാടിക്കടവ്: എടൂർ-പാലത്തുംകടവ് റോഡ് നിർമാണ പ്രവർത്തനങ്ങൾക്ക് കാലതാമസം വരുന്നത് ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്നു. ആദ്യഘട്ട റോഡുപണി കഴിഞ്ഞിട്ടും അപ്പ്രോച്ച് റോഡുകളുടെ സ്ലാബുനിർമാണം പൂർത്തിയാവാത്തതും മതിൽ കെട്ടികൊടുക്കാത്തതുമൂലവുമുണ്ടാകുന്ന ബുദ്ധിമുട്ടും യാത്രാക്ലേശവും പൊടിശല്യവും ജനജീവിതം ദുസ്സഹമാക്കുന്നുണ്ട്. ഇത് വ്യാപാരവ്യവസായികളെയും പ്രദേശവാസികളെയും പ്രതികൂലമായി ബാധിക്കുന്നു.

'റോഡിനു വീതി കൂട്ടാനായി നാലു തെങ്ങ് മുറിക്കുകയും മതിൽ പൊളിക്കുകയും ചെയ്തു. വാഹനങ്ങൾ കയറി വരാൻ പാകത്തിനു പെട്ടന്നുതന്നെ ശരിയാക്കി തരാം എന്നു പറഞ്ഞിരുന്നു. എന്നാൽ ഇതുവരെ അതു ശരിയാക്കിയിട്ടില്ല. പൊടിശല്യം കൂടുന്നതിനാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുന്നുണ്ട്'. പ്രദേശവാസി ജോസഫ് കുര്യക്കൽ പറഞ്ഞു.

'റോഡ് നിർമാണം തുടങ്ങിയ ശേഷം കടയിലേക്ക് സാധനം വാങ്ങാൻ വരുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു ഇത് കച്ചവടത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കടയുടെ മുൻഭാഗം പൊളിച്ചതിനാൽ കടയിലേക്കു കയറി വരാനും ബുദ്ധിമുട്ടാണ്'. വ്യാപാരി സുബിത പറഞ്ഞു. 'ഹോട്ടൽ റോഡിനോട് ചേർന്നായതിനാൽ ഭക്ഷണം കഴിക്കാൻ ആളുകൾ വരുമ്പോൾ ഭക്ഷണത്തിലേക്ക് പൊടിപാറുന്നുണ്ട്. അതുകൊണ്ടു തന്നെ കഴിക്കാൻ വരുന്നവർ കുറവാണ്'. അങ്ങാടിക്കടവ് വനിതാ ഹോട്ടൽ ജീവനക്കാർ പറഞ്ഞു.

'സ്ഥല ഉടമകൾ സ്ഥലം വിട്ടുതരാത്ത പ്രശ്നങ്ങൾ ഉണ്ടായിരുന്നു അതെല്ലാം പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. എങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ കൂടി പരിഹരിക്കാനുണ്ട്. ആദ്യം പ്രശ്നം ഉണ്ടായിരുന്ന കമ്പനിനിരത്ത് ഏരിയയിൽ ഇപ്പോൾ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഏതു മെറ്റീരിയൽ ഉപയോഗിച്ചാണ് മതിൽ നിർമിക്കേണ്ടത് എന്ന വിവരം നല്കിയിട്ടില്ലാത്തതു കൊണ്ടാണ് മതിലുപണി താമസിക്കുന്നത്. ജി.എസ്.ബി (ഗ്രാനുലാർ സബ് ബേസ്) വർക്കിനുശേഷമുള്ള ലെയർ വർക്കുകൾ ഈ മാസം അവസാനത്തോടെ ആരംഭിക്കും എന്ന് അറിയിച്ചിട്ടുണ്ട്. ഏപ്രിൽ ആകുമ്പോഴേക്കും ടാറിംഗ് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.


പണിനടക്കുന്ന എടൂർ പാലത്തുംകടവ് റോഡ്

'മതിൽ പണിയാനുള്ള അപ്രൂവലിനായി കെ.എസ്.ടി.പിക്ക് അപേക്ഷ കൊടുത്തിട്ടുണ്ട്. അപ്രൂവൽ കിട്ടിയാൽ മാത്രമേ നിർമാണം ആരംഭിക്കുകയുള്ളു. മുഴുവൻ റോഡുപണിയും രണ്ടു വർഷത്തെ കരാറാണ്. മൺസൂണിനു മുമ്പ് അങ്ങാടിക്കടവിലെ വർക്ക് ചെയ്തു തീർക്കാനാണ് ഉദ്ദേശിക്കുന്നത്'. ഇരിക്കൂർ കൺസ്ട്രക്ഷൻ എഞ്ചിനീയർ പറഞ്ഞു.

## നാഷണൽ ഫിസ്റ്റ്ബോൾ ചാമ്പ്യൻഷിപ്പ്: ടീമിൽ ഇടം നേടി അയ്യൻകുന്ന് സ്വദേശികൾ

റിയ റോയി


അങ്ങാടിക്കടവ് ഫിസ്റ്റ്ബോൾ ടീം

അങ്ങാടിക്കടവ്: സൗത്ത്സോൺ നാഷണൽ ഫിസ്റ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ കേരള സീനിയർ ടീമിനെ പ്രതിനിധീകരിച്ച് അയ്യൻകുന്ന് സ്വദേശികൾ. മാർച്ച് 18 മുതൽ 20 വരെ ബാംഗ്ലൂരിൽവച്ച് നടന്ന ചാമ്പ്യൻഷിപ്പിൽ അങ്ങാടിക്കടവ് സോക്കർ നയൻ അക്കാദമി അംഗം സുജിത് കുമാറും ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികളായ പി. ടി സിജോയും ജുവൽരാജും പങ്കെടുത്തു.

തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ്, കർണാടക, പോണ്ടിച്ചേരി, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകൾ തമ്മിലുള്ള മത്സരത്തിനായി ഓപ്പൺ സെലക്ഷൻ വഴിയാണ് ടീമിനെ തിരഞ്ഞെടുത്തത്. ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ഇന്ത്യൻ ഫിസ്റ്റ്ബോൾ കോച്ച് ഷൈജു സെബാസ്റ്റ്യന്റെ നേതൃത്വത്തിൽ അങ്ങാടിക്കടവ് സോക്കർ 9 സ്പോർട്സ് ഫൗണ്ടേഷനിൽ വച്ചു പരിശീലനം നൽകി.

'ഫിസ്റ്റ്ബോൾ നമ്മുടെ നാട്ടിൽ പ്രചാരമുള്ള കായികയിനം അല്ലാത്തതിനാൽ തന്നെ കളിക്കാൻ അറിയുന്നവരും കുറവാണ്. അതുകൊണ്ട് വോളിബോൾ കളിക്കാൻ കഴിവുള്ളവരിൽ നിന്നാണ് ഓപ്പൺ സെലക്ഷൻ നടത്തിയത്. ഈ കായികയിനത്തിനു കേന്ദ്ര - കേരള സർക്കാരുകൾ അർഹിക്കുന്ന പരിഗണന നൽകിയാൽ ചിട്ടയായ പരിശീലനത്തോടെ യൂണിവേഴ്സിറ്റി തലങ്ങളിലും മറ്റും വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനും ഉയരങ്ങളിൽ എത്താനും സാധിക്കും'. ടീം കോച്ച് ഷൈജു സെബാസ്റ്റ്യൻ പറഞ്ഞു.

യൂറോപ്യൻ വംശജരുടെ കായികയിനമായ ഫിസ്റ്റ്ബോൾ, വോളി ബോളുമായി സാമ്യം പുലർത്തുന്നു, അതിൽ രണ്ട് ടീമുകൾ രണ്ട് ഹാഫ് ഫീൽഡുകളിൽ പരസ്പരം മത്സരിക്കുന്നു. കോർട്ടിൽ കളിക്കുന്ന അഞ്ച് കളിക്കാരും പകരക്കാരായി നിലനിർത്തിയ അഞ്ച് കളിക്കാരും ഉൾപ്പെടുന്നതാണ് ഫിസ്റ്റ്ബോൾ ടീം.

## ജലസംരക്ഷണ യാത്ര സംഘടിപ്പിച്ചു

റിം താഹി നാബം

അങ്ങാടിക്കടവ്: കേന്ദ്രസർക്കാരിന്റെ ജലജീവൻ മിഷനു തുടക്കം കുറിച്ച് ലോകജലദിനത്തിന്റെ ഭാഗമായി അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ ജലസംരക്ഷണ യാത്ര സംഘടിപ്പിച്ചു. അയ്യൻകുന്ന് പഞ്ചായത്ത് കാര്യാലയത്തിനു മുമ്പിൽ നിന്നു തുടങ്ങി അങ്ങാടിക്കടവ് വനിതാ ഹോട്ടലിനു മുമ്പിൽ അവസാനിച്ച ജലസംരക്ഷണ യാത്ര പേരാവൂർ എം എൽ എ അഡ്വക്കറ്റ് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്തു.

രാജ്യത്തെ ജലവിതരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും 2024-ഓടെ ഇന്ത്യയിലെ എല്ലാ ഗ്രാമപ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുമായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലജീവൻ മിഷൻ. അയ്യൻകുന്ന്, ആറളം, മുഴക്കുന്ന്, തില്ലങ്കേരി പഞ്ചായത്തുകൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്. ജല അതോറിറ്റി ഓഫ് കേരളയുമായി സഹകരിച്ച് ജീവൻ ജ്യോതി എൻ ജി ഓ ഏറ്റെടുത്തിരിക്കുന്ന പദ്ധതിയുടെ 50% ഫണ്ട് കേന്ദ്രസർക്കാരും ബാക്കി സംസ്ഥാന സർക്കാരും പഞ്ചായത്തും പൊതുജനങ്ങളും യഥാക്രമം 25%, 15%, 10% വീതം നൽകിയാണ് നടപ്പിലാക്കുന്നത്.

'ജലസംരക്ഷണത്തിന്റെ കാര്യത്തിൽ നമ്മൾ അതീവ ശ്രദ്ധാലുക്കളല്ല. പലപ്പോഴും ജലസ്രോതസ്സുകളെ ദുരുപയോഗം ചെയ്യുന്നു. മാത്രമല്ല കാടും കാലാവസ്ഥയും മരങ്ങളും മറ്റും നശിപ്പിച്ചതിനാൽ ഇപ്പോൾ നീരൊഴുക്കും കുറവാണ്. നീർച്ചാലുകളെ സംരക്ഷിക്കുവാനും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം മൂലം ജനങ്ങൾ ബുദ്ധിമുട്ടാതിരിക്കാനും ജലജീവൻ മിഷനിലൂടെ സാധിക്കും'.പേരാവൂർ എം. എൽ. എ സണ്ണി ജോസഫ് പറഞ്ഞു,

'അയ്യൻകുന്ന് പഞ്ചായത്തിലെ ജലവിതരണത്തിനായുള്ള പ്രധാന വാട്ടർടാങ്ക് ഉരുപ്പുംകുറ്റിയിൽ സ്ഥാപിക്കും. നിലവിൽ ഒരു പ്രവൃത്തിയും നടന്നിട്ടില്ലെങ്കിലും പദ്ധതി പൂർത്തിയാകുമ്പോൾ പഞ്ചായത്തിലെ എല്ലാവീടുകളിലും ശുദ്ധജലം ലഭിക്കും'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു. പഞ്ചായത്ത് അംഗങ്ങളും പൊതുജനങ്ങളും വിദ്യാർത്ഥികളും ജലസംരക്ഷണ യാത്രയിൽ പങ്കെടുത്തു.

## ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് നടത്തി

സെബിമോൾ കെ വർഗീസ്

അങ്ങാടിക്കടവ്: ഡ്രഗ് റീഹാബിലിറ്റേഷൻ എഡ്യുക്കേഷൻ ആന്റ് മെന്ററിംങ് (ഡ്രീം) പ്രോജക്ടിന്റെ ഭാഗമായി അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂളിൽ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് നടത്തി. കുട്ടികളിൽ വർധിച്ചു വരുന്ന ലഹരിയുടെ ഉപയോഗവും, ഫോൺ ആസക്തിയും എങ്ങനെ ശരീരത്തേയും മനസിനേയും ബാധിക്കുന്നു, അവയുടെ ശാസ്ത്രീയ വശങ്ങൾ എന്തൊക്കെ എന്നീ വിഷയങ്ങളിലാണ് ക്ലാസുകൾ എടുത്തത്. 6, 7 ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ ക്ലാസിൽ നൂറ്റമ്പതോളം വിദ്യാർത്ഥികൾ പങ്കെടുത്തു.

സ്കൂളിലും കോളേജിലുമുള്ള ലഹരി ഉപയോഗത്തെ തടഞ്ഞ് ലഹരിക്കപ്പുറം സ്വപ്നം കാണുന്ന പുതിയ തലമുറയെ വാർത്തെടുക്കുക എന്നതാണ് ഡ്രീം പ്രോജക്ടിന്റെ ലക്ഷ്യം. കേരള സർക്കാരിന്റെ കീഴിലുള്ള സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് നടത്തി വരുന്ന വിമുക്തി എന്ന പദ്ധതിയോട് സഹകരിച്ച് നടത്തുന്ന ബോധവത്ക്കരണ ക്ലാസുകളും പരിപാടികളുമാണ് ഡ്രീം പ്രോജക്ട് മുഖേന നടക്കുന്നത്.


ബോധവൽകരണ ക്ലാസ് എടുക്കുന്ന ഡ്രീം സോഷ്യൽ വർക്കർ

ഇത്തരം ക്ലാസ്സുകളിലൂടെ വളരെ ലളിതമായി കുട്ടികൾക്ക് കാര്യങ്ങൾ മനസിലാക്കിക്കൊടുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്'. ഡ്രീം പ്രോജക്ട് കൗൺസിലർ അലീഷ സനൽ പറഞ്ഞു. ഡ്രീം പ്രോജക്ട് സോഷ്യൽ വർക്കർ ഷാലു സണ്ണി, ഡ്രീം പ്രോജക്ട് കൗൺസിലർ അലീഷ സനൽ, ട്രെയിനർ ജോർജിയ സെബാസ്റ്റ്യൻ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഹെഡ്മാസ്റ്റർ സ്റ്റാനി കെ എം നന്ദി പറഞ്ഞു.

## എഡിറ്റോറിയൽ

# ഇരുളകറ്റി വെളിച്ചം പരത്തിയവർ

'ഒരു ഡോക്ടർക്ക് വീഴ്ച്ച വന്നാൽ രോഗി മരിച്ചേക്കാം, ഒരു എഞ്ചിനിയർക്ക് വീഴ്ച്ച വന്നാൽ പാലമോ കെട്ടിടമോ തകർന്ന് കുറച്ചുപേർ മരിച്ചേക്കാം എന്നാൽ ഒരു അധ്യാപകന് പിഴവ് വന്നാൽ ഒരു തലമുറയാണ് നശിക്കുന്നത്'. ഓക്സ്ഫോർഡ് യൂണിവേർസിറ്റിയുടെ കവാടത്തിലെ വാചകമാണിത്.

പാഠപുസ്തകങ്ങൾക്കപ്പുറം ജീവിതത്തിന്റ നല്ല പാഠങ്ങൾ സ്വായത്ത്വമാക്കുക എന്നത് കൂടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. സാമൂഹ്യവൽക്കരണത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ച് നാളെയുടെ നേതാക്കളായി മാറേണ്ടവരാണ് ഓരോ വിദ്യാർത്ഥിയും. അതിനവരെ ഒരുക്കുക എന്നത് കൂടിയാണ് അദ്ധ്യാപകരുടെ കടമ. അദ്ധ്യാപകന്റെ വ്യക്തിത്വം വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനമാണ് വിദ്യാഭ്യാസമെന്ന് മനോഹരമായി വിശേഷിപ്പിക്കാം. ഇവിടെയാണ് മികച്ച അദ്ധ്യാപകനുള്ള പുരസ്കാരം ഏറ്റുവാങ്ങിയ കെ ജെ ഫ്രാൻസിസ് സാറും പാഠ്യപാഠ്യേതര വിഷയങ്ങളിൽ മികവുതെളിയിച്ച കുട്ടികളും ശ്രദ്ധേയരാവുന്നത്. മഹത്തരമായ ഗുരു ശിക്ഷ്യ ബന്ധത്തിന്റെ പ്രതിഫലനമായി ഇവർ മാറുന്നത്.

കോവിഡ് മഹാമാരി എല്ലാ മേഖലകളെയും പോലെ വിദ്യാഭ്യാസ സംവിധാനങ്ങളെയും ശിഥിലമാക്കി. വിദ്യാലയങ്ങളും സർവ്വകലാശാലകളും അടച്ചുപൂട്ടി. ഇന്ത്യയിലെ 285 ദശലക്ഷത്തിലധികം വിദ്യാർഥികളുടെ പഠന തുടർച്ചയെ ബാധിച്ചു. വിദ്യാലയങ്ങളിൽ കൂട്ടുകാരോടൊത്ത് പഠിച്ചും കളിച്ചും രസിച്ചും നടന്ന കുട്ടികൾക്കേറ്റ ഒരു പ്രഹരമായിരുന്നു ഇത്.

കോവിഡ് മൂലം കൂട്ടിലകപ്പെട്ട കുരുന്നുകൾ പൂട്ടു തുറന്ന് മെല്ലെ വിദ്യാലയങ്ങളിൽ എത്തുകയാണ്. പഴയകാല സാമൂഹി ക രീതികളിലേക്ക് മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നവരാണ് ഇന്ന് നമ്മൾ. ഓൺലൈൻ വിദ്യാഭ്യാസം അവസാനിപ്പിച്ച് പഴയകാല വിദ്യാഭ്യാസ രീതി വീണ്ടും സജീവമാകുകയാണ്. വിദ്യാലയങ്ങളും അദ്ധ്യാപകരും കുരുന്നുകളും പഴയതുപോലെ ആവട്ടെ. പ്രോത്സാഹനങ്ങളും തെറ്റുതിരുത്തലുകളും നിറഞ്ഞ പഴയ സ്കൂൾ മുറികൾ ആവർത്തിക്കപ്പെടട്ടെ.

എഡിറ്റർ

# യാത്രാക്ലേശത്തിന് താത്കാലിക ആശ്വാസം

**നിതിൻ സി ജോസഫ്**

കരിക്കോട്ടക്കരി: എടപ്പുഴ - കരിക്കോട്ടക്കരി റൂട്ടിലെ യാത്രാക്ലേശത്തിന് താൽക്കാലിക പരിഹാരമായി സ്വകാര്യ ബസ് സർവീസ് പുനരാരംഭിച്ചു. സാമ്പത്തിക പ്രതിസന്ധി മൂലം കൊറോണയുടെ ആരംഭത്തിൽ നിർത്തലാക്കിയ പല ബസ് സർവീസുകളും സ്കൂൾ തുറന്നതിനു ശേഷവും പുനരാരംഭിക്കാതിരുന്നത് വിദ്യാർഥികൾക്കും മറ്റു ജോലിക്കാർക്കും ബുദ്ധിമുട്ടാക്കിയിരുന്നു. കരിക്കോട്ടക്കരി-എടപ്പുഴ റൂട്ടിലെ രണ്ട് സ്വകാര്യബസ് സർവീസുകളും, ഒരു കെ എസ് ആർ ടി സി ബസ് സർവീസുമാണ് നിർത്തലാക്കിയിരുന്നത്. രാവിലെ ഒമ്പത് മണിയുടെ സ്വകാര്യബസ് സർവീസാണ് ഇപ്പോൾ പുനരാരംഭിച്ചിരിക്കുന്നത്.

'ഒമ്പതുമണിയുടെ സ്വകാര്യബസ് സർവീസ് ആരംഭിച്ചെങ്കിലും, വൈകുന്നേരങ്ങളിൽ നാലുമണിക്ക് കരിക്കോട്ടക്കരിയിൽ നിന്ന് എടപ്പുഴ ഭാഗത്തേക്കുള്ള സ്വകാര്യ ബസ്, സർവീസ് നടത്തിക്കൊണ്ടിരുന്ന കെ എസ് ആർ ടി സി ബസ് എന്നിവ സർവീസ് തുടങ്ങിയിട്ടില്ല. അതിനാൽ തന്നെ, വൈകുന്നേരങ്ങളിൽ വൈകിയാണ് വിദ്യാർത്ഥികൾ വീട്ടിലെത്തുന്നത് ഇതിനും ഉടൻ പരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു'. പ്രദേശവാസി സെബാസ്റ്റ്യൻ പോൾ പറഞ്ഞു.

'ലോക്ക്ഡൗണിനുശേഷം ബസ് സർവീസുകൾ ഇല്ലാതിരുന്നതിനാ ൽ ഏറ്റവുമധികം ബുദ്ധിമുട്ടിയിരുന്നത് വിദ്യാർത്ഥികളാണ്. കാൽനടയായും സ്വകാര്യവാഹനങ്ങളിലുമായിട്ടായിരുന്നു വിദ്യാർത്ഥികൾ സ്കൂളുകളിൽ എത്തിയിരുന്നത്. ബസ് സർവീസ് പുനരാരംഭിച്ചത് സഹായകരമാണ്'. എടപ്പുഴ വികാരി ഫാദർ പോൾ കുരീക്കാട്ടിൽ പറഞ്ഞു.

'അഞ്ച് കിലോമീറ്റർ ദൂരത്തു നിന്നും നടന്നു വരുന്നവരാണ് ഞങ്ങൾ. രാവിലെ ഉള്ള സ്വകാര്യബസും കെഎസ്ആർടിസി ബസ്സും ഇല്ലാത്തതിനാൽ യാത്ര ബുദ്ധിമുട്ടായിരുന്നു. ബസ് സർവീസ് വീണ്ടും തുടങ്ങിയത് ആശ്വാസമായി'. ഏഴാം തരം വിദ്യാർത്ഥി ആദിത്യ സന്തോഷ് പറഞ്ഞു

'കൊറോണ മൂലം ബസ് സർവീസ് ബുദ്ധിമുട്ടായിരുന്നു. പണിക്കാരുടെ ശമ്പളം, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഇന്ധനം എന്നിവയ്ക്ക് പണം കണ്ടെത്തുക ശ്രമകരമായിരുന്നു. അതുകൊണ്ടാണ് ബസ് സർവീസ് നിർത്തിയത്. വീണ്ടും സർവീസ് തുടങ്ങുകയാണ്. എല്ലാം പഴയ സ്ഥിതിയിലേക്ക് വരാൻ സമയമെടുക്കും'. സ്വകാര്യ ബസ് ഉടമ ബാബു പി കെ പറഞ്ഞു.

# സ്കോളർഷിപ്പ് പരീക്ഷയിൽ മികച്ചനേട്ടം

**അനഘ കെ ടി**

അങ്ങാടിക്കടവ് : എൽ എസ് എസ്, യു എസ് എസ് പരീക്ഷകളിൽ മികച്ച വിജയം കൈവരിച്ച് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂൾ വിദ്യാർത്ഥികൾ. 2020-21 അധ്യായന വർഷത്തെ സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷകളിൽ പങ്കെടുത്ത വിദ്യാർത്ഥികളിൽ 13 പേർ എൽ എസ് എസിനും 6 പേർ യു എസ് എസിനും അർഹരായി.

'നാല്, ഏഴ് ക്ലാസുകളിലെ മുഴുവൻ വിഷയത്തിലും എ ഗ്രേഡ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെയാണ് പരീക്ഷയെഴുതാൻ തിരഞ്ഞെടുത്തത്. ഇത്തവണ എൽ എസ് എസ് പരീക്ഷ സേക്രട്ട്ഹാർട്ട് യു പി സ്കൂളിലും, യു എസ് എസ് ഇരിട്ടി വാഴുന്നോർ യു പി സ്കൂളിലുമായാണ് നടത്തിയത്. സ്കോളർഷിപ്പ്, വിദ്യാർത്ഥികളുടെ അക്കാദമിക് മികവിനുള്ള തെളിവാണ്. വിജയിച്ച വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുകയായി 1000 രൂപ വച്ച് നാലുവർഷം ലഭ്യമാകും'. സേക്രട്ട് ഹാർട്ട് യുപി സ്കൂൾ ഹെഡ്മാസ്റ്റർ സ്റ്റാനി കെ എം പറഞ്ഞു.

പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച എല്ലാ വിദ്യാർത്ഥികളെയും മാർച്ച് 21 ന് സേക്രട്ട് ഹാർട്ട് യു പി സ്കൂളിൽ വച്ച് മൊമെന്റോ നൽകി അനുമോദിച്ചു.



*ദേവദർശ് രാജു, അനാമിക പ്രമോദ്, അനുപ്രിയ അജിൽ, സാനിയ സി ജോയി, ഫിയോണ തെരേസ് എം സിബി, ഗോഡ്വിൻ ജോർജ്, ലിസറ്റ് മാത്യു, അഭിഷിക്ത് തോമസ്, എഡ്വിൻ മാത്യൂസ്, കാതറിൻ മരിയ സോയി, ഫിലിപ്പ് ടെഡ്സ്, ജെന്നിഫർ ജോഷി, ആൻ തെരേസ് ജിജോ (എൽ എസ് എസ് നേടിയവർ) ജ്യോതിസ് ജിജി ജോൺ, അനുഷ മരിയ ഫ്രാൻസിസ്, എൽജോ സജി, ജോർജ് ബിജു, ജോസ്വിൻ പി ജോസ്, അജിൻ കെ എസ് (യു എസ് എസ് നേടിയവർ)*

# അറിവ് പകർന്ന 24 വർഷങ്ങൾ

**ആര്യ പ്രസന്നകുമാർ**



കെ ജെ ഫ്രാൻസിസ് സാർ

പാഠ്യപാഠ്യേതര മേഖലകളിൽ മിന്നുന്ന തിളക്കവുമായി ഒരു കൂട്ടം വിദ്യാർത്ഥികൾ കഴിഞ്ഞ വർഷം സേക്രട്ട്ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിന്റെ പടിയിറങ്ങിയപ്പോൾ അവർ നന്ദിയോടെ ഓർത്ത ഒരു മുഖം ഉണ്ട് അങ്ങാടിക്കടവുകാരുടെ സ്വന്തം അധ്യാപകൻ കൂറ്റനാൽ കെ ജെ ഫ്രാൻസിസ് സാർ. തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മികച്ച അധ്യാപകനുള്ള മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എക്സലൻസ് അവാർഡിന് ഇദ്ദേഹത്തെ അർഹനാക്കിയതും അധ്യാപനത്തോടുള്ള ഈ സമർപ്പണ ബോധമാണ്

വിദ്യ അഭ്യസിപ്പിച്ചവരിൽ നിന്നു പ്രചോദനമുൾക്കൊണ്ട് അധ്യാപകനായിമാറിയ കെ ജെ ഫ്രാൻസിസ് ഇന്ന് അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രിൻസിപ്പലാണ്. കൊളക്കാട് സാന്തോം ഹയർ സെക്കണ്ടറി സ്കൂളിൽ പൊളിറ്റിക്കൽ വിഭാഗം അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ഫ്രാൻസിസ് നിരവധി വർഷങ്ങൾ സ്റ്റാഫ് സെക്രട്ടറിയായും സ്പോർട്സ് ആൻഡ് ഗെയിംസ് കൺവീനറായും പ്രവർത്തിച്ചു. തലശ്ശേരി വിദ്യാഭ്യാസ ജില്ല അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ തുടർച്ചയായി 12 തവണ സാന്തോം ഹയർ സെക്കണ്ടറി സ്കൂളിനെ റണ്ണേഴ്സ് അപ്പ് ആക്കാൻ സാധിച്ചത് ഫ്രാൻസിസിന്റെ നിതാന്ത പരിശ്രമമൊന്നുകൊണ്ടു മാത്രമായിരുന്നു. കായിക മേഖലയ്ക്ക് പുറമേ ഈ കാലഘട്ടത്തിൽ പൊളിറ്റിക്കൽ വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും വിജയിപ്പിക്കുവാനും സാധിച്ചു.

2019-20 അധ്യായന വർഷത്തിൽ തലശ്ശേരി അതിരൂപതയിലെ മികച്ച ഹയർ സെക്കണ്ടറി സ്കൂളായി സേക്രട്ട് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടതിനു പിന്നിലും കെ ജെ ഫ്രാൻസിസിന്റെ കരങ്ങളുണ്ട്. പൊതുപരീക്ഷയിൽ 99.4% വിജയം, ഇരിട്ടി ഉപജില്ല കായികമേളയിൽ രണ്ടാം സ്ഥാനം, ശാസ്ത്രമേളയിൽ ഒന്നാം സ്ഥാനം, സാമൂഹിക പ്രവർത്തിപരിചയ മേളയിൽ രണ്ടാം സ്ഥാനം തുടങ്ങി നിരവധി നേട്ടങ്ങൾ സ്കൂളിനു കൈവരിക്കാൻ കഴിഞ്ഞത് ഫ്രാൻസിസ് സാറിന്റെ കഠിനാധ്വാനത്തിന്റെയും അക്ഷീണപ്രയത്നത്തിന്റെയും ഫലമാണ്.

'24 വർഷത്തെ അധ്യാപക ജീവിതത്തിൽ എനിക്ക് ഏറ്റവും സന്തോഷം ഞാൻ പഠിപ്പിച്ച കാര്യങ്ങളൊന്നും വർഷങ്ങൾക്ക് ശേഷവും വിദ്യാർഥികൾ മറക്കുന്നില്ല എന്നത് അവരിൽ നിന്ന് കേൾക്കുന്നതാണ്. അവരിൽ പലരും ഉയർന്ന നിലയിൽ എത്തി. എങ്കിലും അവർ ഇന്നും എന്നെ അന്വേഷിച്ച് വരാറുണ്ട്'. ഫ്രാൻസിസ് സാർ പറഞ്ഞു.

## അഭിനന്ദനങ്ങൾ

**പി ടി ചാക്കോ മെമ്മോറിയൽ പ്രസംഗ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ അങ്ങാടിക്കടവ് സേക്രട്ട് ഹാർട്ട് യു പി സ്കൂൾ വിദ്യാർത്ഥിനി ഏയ്ഞ്ചൽ മരിയ**





- ബിൽഡിംഗ് പ്ലാൻ & പെർമിറ്റ്
- എസ്റ്റിമേറ്റ്
- സൂപ്പർവിഷൻ
- 3D മോഡെലിംഗ്
- ഇന്റീരിയർ ഡിസൈനിംഗ്
- കൺസ്ട്രക്ഷൻ

Mob : 7306657541, 9496317417, 8606805488

sojinkd701@gmail.com, kalathilbuilders08@gmail.com

KALATHIL BUILDERS
KOCHUVALICKAKATH BUILDING
ANGADIKADAVU

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ, സോണറ്റ് മാത്യു | എഡിറ്റർ ഇൻ ചാർജ്: ജിഷ്ണ ബാലകൃഷ്ണൻ എം,| സബ് എഡിറ്റേഴ്സ്: ആര്യ പ്രസന്നകുമാർ, റിയ റോയി, സെബിമോൾ കെ വർഗീസ്, റിം താഹി നാബം, ആഷ്മി തോമസ് , നിതിൻ സി ജോസഫ്, അനഘ കെ ടി | ഫോട്ടോഗ്രാഫേഴ്സ്: ആഷ്മി തോമസ് , നിതിൻ സി ജോസഫ് | ഡിസൈൻ: റിയ റോയി